പതിനാലാം കേരള നിയമസഭ

പതിനഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5535 01/07/2019-ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളുടെ കടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | വായ്പ തിരിച്ചടവ് മുടങ്ങി വൻതുക കുടിശ്ശികയായ സഹകരണ സ്ഥാപനങ്ങളുടെ കടം സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | റബ്കോ, റബ്ബർമാർക്ക്, മാർക്കറ്റ് ഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും സംസ്ഥാന സഹകരണ ബാങ്കിൽനിന്നും അനുവദിച്ചിരുന്ന ഏതാനും വായ്പകൾ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കി, ആയത് സർക്കാർ അടയ്ക്കുന്നതിനും, പ്രസ്തുത തുക സ്ഥാപനങ്ങൾക്ക് സർക്കാരിലുള്ള വായ്പാ ബാധ്യതയായി മാറ്റുന്നതിനും ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക സംഘങ്ങൾ നിശ്ചിത കാലയളവിൽ തിരിച്ച് അടയ്ക്കേണ്ടതാണ്. മാത്രമല്ല തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിന് ഒരു MoU ഒപ്പ് വയ്ക്കുന്നതിനും ഉത്തരവായിട്ടുണ്ട്. കൂടാതെ ലോൺ തുകയ്ക്ക് തത്തുല്യമായ തുകക്കുള്ള വസ്തുവകകൾ Government ൽ pledge ചെയ്യാനും ഉത്തരവായിട്ടുണ്ട്. |
| (ബി) | റബ്കോയ്ക്ക് സംസ്ഥാന /ജില്ല സഹകരണ ബാങ്കുകളിൽ എന്ത് തുക കുടിശ്ശികയുണ്ട്; ഇത് ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | റബ്കോയ്ക്ക് നിലവിൽ സംസ്ഥാന സഹകരണ ബാങ്ക് നൽകിയ വായ്പ ഇനത്തിലോ, ജില്ലാ/സംസ്ഥാന സഹകരണ ബാങ്കുകളുടെ കൺസോർഷ്യം വായ്പ ഇനത്തിലോ കുടിശ്ശികയില്ല.<br>എന്നാൽ റബ്കോയ്ക്ക് ഇടുക്കി ജില്ലാ സഹകരണ ബാങ്കിൽ മുതലിനത്തിൽ 5 കോടിയും, പലിശയിനത്തിൽ 1,32,06,164/- രൂപ ഉൾപ്പെടെ ആകെ 6,32,06,164/- രൂപ നിലവിൽ വായ്പാ കുടിശ്ശികയാണ്. ഇത് സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടില്ല. |
| (സി) | ഇപ്രകാരമുള്ള കടം ഏറ്റെടുക്കുവാൻ തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ്; വെളിപ്പെടുത്താമോ? | (സി) | റിസർവ്വ് ബാങ്ക് നിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇപ്രകാരം വായ്പ കുടിശ്ശിക തീർപ്പാക്കുന്നതിലേയ്ക്ക് സർക്കാർ സാമ്പത്തിക സഹായം അനുവദിച്ചത്. |

സെക്ഷൻ ഓഫീസർ